ഉത്തരം

(എ) തീരദേശ റോഡ് നിർമ്മാണത്തിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്തുവരുന്നു.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

കോഴിക്കോട് ബൈപ്പാസ് റോഡ് നീട്ടുന്നതിന് നടപടി

95 [1217] ശ്രീ. എ. സി. ഷണ്മുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലുള്ള ബൈപ്പാസ് റോഡ് ഇപ്പോൾ കുണ്ടുപറമ്പ് വരെ എത്തിയ നിലയ്ക്ക് അത് കനോലി തോടിന് പടിഞ്ഞാറ് വശത്തുകൂടി എരഞ്ഞിക്കൽ അങ്ങാടി വരെ നീട്ടുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ബൈപ്പാസ് റോഡ് എരഞ്ഞിക്കൽ അങ്ങാടി വരെ നീട്ടുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു. അതിനായി 25 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പരിശോധനകൾ നടത്തി സ്ഥലം ഏറ്റെടുക്കലുൾപ്പെടെ റോഡ് നിർമ്മാണത്തിനുള്ള അടങ്കൽ തയ്യാറാക്കി വരുന്നു.

കൊടുങ്ങല്ലൂർ ബൈപ്പാസ് നാലുവരിപ്പാതയാക്കുന്നതിന് നടപടി

96 [1218] ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ ബൈപ്പാസിന്റെ സ്ഥലമെടുപ്പിന് കേന്ദ്ര വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇതിൻ പ്രകാരം സ്ഥലമെടുപ്പ് അനുമതിക്കായി സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ഡി) പ്രസ്തുത ബൈപ്പാസ് നാലുവരിപ്പാതയാക്കി നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഏതുവിധത്തിലാണ് ഈ പദ്ധതി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly